**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1976** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സുപ്രീംകോടതി, ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിലും ചാൻസലറുടെ നടപടികൾമൂലവും സർവകലാശാലകളിൽ ഭരണപരവും അക്കാദമികവുമായ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ഭരണപരവും അക്കാദമികവുമായ പ്രതിസന്ധികൾ ഉണ്ടായിട്ടില്ല. |
| (ബി) | പഠനവും പരീക്ഷയും പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലമുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | APJ Abdul Kalam Technological University യിൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണത്തിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിരുന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ വൈസ് ചാൻസലർക്ക് മാറ്റം വന്നതിനാൽ സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസലറുടെ ഡിജിറ്റൽ ഒപ്പ് പതിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സിസ്റ്റത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടായിരുന്നു. സാങ്കേതിക തകരാർ പരിഹരിച്ചത് മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. |
| (സി) | വിവിധ സർവകലാശാലകളിൽ അനധികൃത നിയമനങ്ങൾ നടന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ